**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3098** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത റോഡ് നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കലിനുമായുള്ള ചെലവിന്റെ കേന്ദ്ര-സംസ്ഥാന അനുപാതം വിശദമാക്കുമോ; ഭൂമി വിട്ടു നൽകുന്നവർക്കുള്ള നഷ്ടപരിഹാര തുക പൂർണ്ണമായും എന്നു മുതൽ കൊടുക്കാനാകും എന്നറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിക്കാവശ്യമായി 24 വില്ലേജുകളിൽ നിന്നായി 413.41 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി NH Act 1956 സെക്ഷൻ 3എ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ഇതിൽ 100.11 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3ഡി വിജ്ഞാപനം ഗവൺമെന്റ് ഓഫ് ഇന്ത്യാ ഗസറ്റിൽ താഴെപറയുന്ന തീയതികളിൽ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>SO 1541(E) dated 31.03.2023<br><br>SO 1625(E) dated 05.04.2023<br><br>SO 1854(E) dated 24.04.2023<br><br>SO 1974(E) dated 01.05.2023<br><br>ബാക്കിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3ഡി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ബന്ധപ്പെട്ട അതോറിറ്റിയിൽ നിന്നും അംഗീകാരം ലഭ്യമായാൽ ഉടൻ നഷ്ടപരിഹാര വിതരണം ആരംഭിക്കുന്നതാണ് എന്ന് NHAI അറിയിച്ചിട്ടുണ്ട്.<br><br>വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50% സംസ്ഥാനം വഹിക്കും. ഇതോടൊപ്പം സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ തീരുമാനങ്ങളും സംസ്ഥാനം കൈക്കൊണ്ടിട്ടുണ്ട്. ഈ വ്യവസ്ഥകൾ ഉൾപ്പെട്ട കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം |

| | | | |
|---|---|---|---|
| | | | 1629.24 കോടി രൂപ ബാധ്യത ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ